# വായനോത്സവം
# 2025-2026

## ആമുഖം :

ദിനംപ്രതി പുസ്തകങ്ങളും മറ്റുപ്രസിദ്ധീകരണങ്ങളും അവയുടെ പതിപ്പുകളും പുറത്തിറങ്ങുന്ന കാലത്താണ് നാം ജീവിക്കുന്നത്. ശരീരത്തിന് വ്യായാമം പോലെ മനസ്സിന് ആരോഗ്യം നൽകുന്ന കാര്യമാണ് വായന. നല്ല വായന നമുക്ക് നല്ല അനുഭവം സമ്മാനിക്കുന്നു. നമ്മുടെ ചിന്തകളെ പ്രകാശിപ്പിക്കുന്നു. വായനയിലൂടെ നമുക്ക് പുതിയ അറിവുകൾ ലഭിക്കുന്നു. ലോകത്തെ അറിയാനും സമൂഹത്തെ മനസ്സിലാക്കാനും വായനപോലെ ഉപകാരപ്പെടുന്ന മറ്റൊന്നില്ല എന്ന് നമുക്കറിയാം. ലോകത്തെ മാറ്റിമറിച്ച മഹാത്മാക്കളേറെയും നല്ല വായനക്കാരായിരുന്നു എന്നതിൽ സംശയമില്ല. നല്ല വായനക്കാരൻ നല്ല എഴുത്തുകാരൻ കൂടി ആകുന്നു. വായിക്കാനും, എഴുതാനും, വായിച്ചുവളരാനും നമ്മുടെ കുട്ടികളെ പ്രാപ്തരാക്കാൻ വായനോത്സവം പദ്ധതിയിലൂടെ സാധിക്കും എന്ന കാര്യത്തിൽ സംശയമില്ല.

## ലക്ഷ്യം

- നിരന്തര വായനയിലൂടെ കുട്ടികൾ തെറ്റുകൂടാതെ വായിക്കാൻ പഠിക്കും.
- കുട്ടികളുടെ അറിവ് വർദ്ധിപ്പിക്കാൻ
- നിരന്തരമായ വായന കുട്ടികളെ മികച്ച വായനക്കാരനാക്കുന്നു.
- നല്ല വായന നല്ല എഴുത്തുകാരനിലേക്കുള്ള വഴിയൊരുക്കലാണ്.
- ലോകത്തിന്റെ വെളിച്ചമായ പുസ്തകങ്ങളോട് ചങ്ങാത്തം കൂടാൻ.
- ചിന്താശേഷി വർദ്ധിപ്പിക്കാൻ
- വായന ഒരു ശീലമാക്കാൻ
- തെറ്റുകൂടാതെ എഴുതാൻ

## 7. വായനാചാമ്പ്യന്മാരെ കണ്ടെത്തൽ

2025-26 വർഷത്തിൽ ജൂൺമുതൽ മാർച്ച് വരെയായി മുഴുനീളെ നടക്കുന്ന ഒരു പരിപാടിയാണ് വായനോത്സവം - 2025-26. സ്കൂളിലെ ലൈബ്രറി പുസ്തകങ്ങൾ വായിച്ച് വായനക്കുറിപ്പെഴുതി വായനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണ്. കൂടുതൽ പുസ്തകങ്ങൾ വായിച്ച് വായന ഒരു ശീലമാക്കിയ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു. ഓരോ ക്ലാസിലെയും ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച് കുറിപ്പെഴുതിയ കുട്ടികളെ കണ്ടെത്തി ഒന്നും രണ്ടും സ്ഥാനക്കാരെ കണ്ടെത്തി അവർക്ക് സ്കൂൾ വാർഷികാഘോഷ വേളയിൽ സമ്മാനങ്ങൾ നൽകുന്നു.

## പ്രവർത്തനങ്ങൾ

ഉ. പുസ്തക സമാഹരണം

## 2. ലൈബ്രറി പുസ്തക വിതരണം

1 മുതൽ 4 വരെ ക്ലാസ്സുകളിൽ കുട്ടികൾക്ക് അവരുടെ പ്രായത്തിനനുസരിച്ച് തെരഞ്ഞെടുത്ത് വായിക്കാനുള്ള പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ക്ലാസ് ലൈബ്രറി നമുക്കുണ്ട്. ഓരോ ആഴ്ചയിലും കുട്ടികൾക്ക് പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കാനവസരം നൽകുന്നു. പുസ്തകത്തിന്റെ പേരും, തീയതിയും വായനക്കാർഡിൽ രേഖപ്പെടുത്തി വയ്ക്കുന്നു. 3,4 ക്ലാസുകളിൽ ലൈബ്രേറിയന്റെ ചുമതല കുട്ടികൾ തന്നെയാണ് നിർവ്വഹിക്കുന്നത്. കഥാ, കവിത, ചിത്രകഥ, നോവൽ, ഇംഗ്ലീഷ് കഥകൾ, കവിതകൾ എന്നിങ്ങനെ നിരവധിയായ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിലും ക്ലാസ് ലൈബ്രറിയിലുമുണ്ട്. അവ കുട്ടികളുടെ കൈകളിലെത്തിക്കുക അതുവഴി അവരുടെ മനസ്സിൽ ഇടം പിടിക്കുക എന്നതാണ് ലക്ഷ്യം.

## 3. വായനാക്കുറിപ്പ് തയ്യാറാക്കൽ

കുട്ടികൾ ലൈബ്രറിയിൽ നിന്നും അവർക്കിഷ്ടപ്പെട്ടതോ, പാഠഭാഗവുമായി ബന്ധപ്പെട്ടതോ ആയ പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നു, വായിക്കുന്നു. തുടർന്ന് കഥയുടെ അല്ലെങ്കിൽ കവിതയുടെ വായനാക്കുറിപ്പ് തയ്യാറാക്കുന്നു. പുസ്തകത്തിന്റെ പേര്, രചയിതാവ്, കഥാപാത്രം, കഥയുടെ സാരാംശം എന്നിവ ഉൾക്കൊള്ളിച്ച് കുട്ടികൾ വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.

## 4. വായനാക്കുറിപ്പുകളുടെ അവതരണം.

കുട്ടികൾ, അവർ തെരഞ്ഞെടുത്ത് വായിച്ച പുസ്തകത്തിന്റെ വായനാക്കുറിപ്പ് തയ്യാറാക്കുന്നു. എല്ലാവെള്ളിയാഴ്ചകളിലും ക്ലാസ്സുകളിൽ ബാലസഭ ചേരുന്നു. അതിൽ വായനാക്കുറിപ്പുകളുടെ അവതരണം നടത്തുന്നു. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ അസംബ്ലി ചേരുന്നു. അതിൽ പ്രവർത്തനങ്ങളുടെ അവതരണത്തിൽ വായനാക്കുറിപ്പ് അവതരിപ്പിക്കാനും, കഥാപാത്രങ്ങളുടെ ആവിഷ്ക്കരണത്തിനും അവസരം നൽകുന്നു. ഇംഗ്ലീഷ് അസംബ്ലിയിൽ ഇംഗ്ലീഷ് പുസ്തകങ്ങളുടെ അവതരണത്തിനായിക്കും പ്രാധാന്യം നൽകുക. വായനാക്കുറിപ്പ് അവതരണത്തിന്റെ ഡോക്യുമെന്റേഷൻ ക്ലാസ് പി.ടി.എ.യിലും പൊതുപരിപാടിയിലും അവതരിപ്പിക്കുന്നു.

## 5. ഇടക്കാല വിലയിരുത്തൽ

വായനോത്സവം പരിപാടി ലക്ഷ്യമിടുന്നത് നമ്മുടെ വിദ്യാലയത്തിലെ എല്ലാകുട്ടികളും എഴുതാനും വായിക്കാനും കഴിയുന്നവരായിരിക്കണം എന്നതാണ്. അതുകൊണ്ടു തന്നെ ഇടയ്ക്കിടെ വിലയിരുത്തൽ പ്രവർത്തനങ്ങൾ നടത്തുന്നത് നല്ലതായിരിക്കും. 1, 2 ക്ലാസ്സുകളിലെ കുട്ടികൾക്ക് സഹപാഠികളുടെയും രക്ഷിതാക്കളുടെയും, അധ്യാപകരുടെയും സ്കൂളിൽ വച്ച് നടത്തുന്ന ഒരു പൊതുപരിപാടിയിൽ വച്ച് വായനാക്കാർഡുകൾ തിരഞ്ഞെടുത്ത് വായിക്കാനാവസരം നൽകുന്നു. ചിത്രവായന നടത്തി സർഗാത്മക ചിന്തയിലൂടെ ചിത്രവിശകലനം നടത്താനും അവസരം നൽകുന്നു. അതുപൊലെ 3, 4 ക്ലാസുകളിലെ കുട്ടികൾക്ക് സ്വന്തമായി കവിത, കഥ എന്നിവ ര

ചിക്കാനോ, ചിത്രത്തെ അടിസ്ഥാനമാക്കി കഥ തയ്യാറാക്കാനോ, വായിച്ച ഏതെങ്കിലും പുസ്തകത്തെ അടിസ്ഥാനപ്പെടുത്തി ദൃശ്യാവിഷ്കാരം നടത്താനോ അവസരം നൽകുന്നു.

## 6. വായനാക്കുറിപ്പുകളുടെ പതിപ്പ് തയ്യാറാക്കൽ

വായിച്ച പുസ്തകത്തെ അടിസ്ഥാനപ്പെടുത്തി, (അമ്മയും കുഞ്ഞും കഥപറയുന്ന രീതിയിലുള്ളതുമാകാം) കുട്ടികൾ തയ്യാറാക്കിയ വായനാക്കുറിപ്പുകളുടെ അവതരണത്തിന് ശേഷം, വായനാക്കുറിപ്പുകളുടെ പ്രദർശനം' സ്കൂളിൽവച്ച് നടത്തുന്നു. മികച്ച വായനക്കാരനെ കണ്ടെത്തി സമ്മാനവിതരണം നടത്തുന്നു. വർഷാവസാനം കുട്ടികൾ തയ്യാറാക്കിയ വായനാക്കുറിപുകളും ചിത്രങ്ങളും ഉൾപ്പെടുത്തി (രചന, ചിത്രരചന) വായനാക്കുറിപ്പുകളുടെ പതിപ്പ് തയ്യാറാക്കുകയും ഒരു പൊതുപരിപാടിയിൽ അവയുടെ പ്രകാശനം നടത്തുകയും ചെയ്യുന്നു.

## പുസ്തക സമാഹരണം

സ്കൂൾ ലൈബ്രറിയിൽ നിലവിൽ പഴയ പുസ്തകങ്ങൾ മാത്രമാണ് ഉള്ളത്. അഞ്ച് ആറ് വർഷം മുമ്പാണ് ഏറ്റവും ഒടുവിലായി പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് ലഭിച്ചത്. അടുത്ത കാലത്തിറങ്ങിയ പുസ്തകങ്ങൾ ഒന്നും തന്നെ ഇതിൽ ഇല്ല. പിറന്നാൾ സമ്മാനമായും വ്യക്തികൾ വഴി ലൈബ്രറി പുസ്തകങ്ങൾ സംഭാവനയായി സമാഹരിക്കുകയാണ് ലക്ഷ്യമിടുന്നത്.

# മണിയറ ഗവ.എൽ.പി.സ്കൂൾ

## മണിയറ പി.ഒ., കാനായി

ബഹുമാനപ്പെട്ട പയ്യന്നൂർ എം.എൽ.എയുടെ സജീവ പരിഗണനയിലേക്കായി മണിയറ ജി.എൽ.പി.സ്കൂൾ എസ്.എം.സി. സമർപ്പിക്കുന്ന നിവേദനം.

പയ്യന്നൂർ നഗരസഭയിൽ 11-ാം വാർഡിൽ സ്ഥിതിചെയ്യുന്ന മണിയറ ജി.എൽ.പി.സ്കൂളിന്റെ സംബന്ധിച്ച രണ്ടുകാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പയ്യന്നൂർ നഗരസഭ ജനകീയാസൂത്രണം പ്രകാരം മണിയറ ജി.എൽ.പി.സ്കൂളിൽ നിർമ്മിച്ച അസംബ്ലിഹാൾ ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. ചോർച്ചയുള്ളതുകൊണ്ടുതന്നെ വളരെ ബുദ്ധിമുട്ടിയാണ് പരിപാടികൾ നടത്തുന്നത്. ഗ്രൗണ്ട് ഫ്ളോറിന് കണക്കാക്കിയാണ് അസംബ്ലിഹാളിന്റെ മേൽക്കൂര നിർമ്മിച്ചത്. ശക്തമായ കാറ്റും മഴയും വന്നാൽ ഒന്നാം നിലയുടെ വരാന്തയിൽ വെള്ളം നിറയുന്ന അവസ്ഥയാണ്. ഇതിനു പരിഹാരമായി ഒന്നാംനിലയിലെ മേൽക്കൂര രണ്ടാംനിലയിലേക്ക് ഉയർത്തി സ്ഥാപിക്കണം എന്നാണ് ഞങ്ങളുടെ ആവശ്യം.

അതുപോലെ തന്നെ സ്കൂൾ ഭക്ഷണശാലയുടെ മേൽക്കൂരയും ചോരുന്നുണ്ട്. ഉയരം കുറവായതിനാൽ അവിടെ ഉച്ചസമയത്ത് ഭക്ഷണം കഴിക്കുമ്പോൾ കഠിനമായ ചൂട് സഹിക്കേണ്ടിവരുന്നു. ഭക്ഷണശാലയുടെ നിലം കോൺക്രീറ്റ് ചെയ്തതാണ്. അതുകൊണ്ട് കഴുകി വൃത്തിയാക്കാൻ പ്രയാസമാകുന്നു. അതിനാൽ ഭക്ഷണശാലയുടെ നിലം ടൈൽസ് പാകി മേൽക്കൂര അറ്റകുറ്റപ്പണി ചെയ്യണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ആയതിനാൽ അസംബ്ലിഹാളും ഭക്ഷണശാലയും അറ്റകുറ്റപ്പണി ചെയ്യാനാവശ്യമായ സാമ്പത്തിക സാഹായം അനുവദിച്ചുതരണമെന്ന് ഇതിനാൽ അഭ്യർത്ഥിക്കുന്നു.

**എസ്.എം.സി.ക്കുവേണ്ടി**

# മണിയറ ജി.എൽ.പി.സ്കൂൾ
# 70-ാം വാർഷികാഘോഷം 25-26

## ക്വിസ് ചാമ്പ്യൻഷിപ്പ് 2025–26
## (പറന്നുയരാം അറിവിന്റെ ലോകത്തേക്ക്)

**ആമുഖം :**

അറിവിന്റെ മത്സരലോകത്തേക്ക് കുട്ടികളെ കൈപിടിച്ചുയർത്തുകയും അതോടൊപ്പം ആനുകാലികമായ വാർത്തകളും വിശേഷങ്ങളും അപ്പോൾ തന്നെ അറിവിന്റെ ഭാഗമാക്കാൻ കുട്ടികളെ പ്രേരിപ്പിക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ കടമയാണ്. വിജ്ഞാനത്തിന്റെ മത്സരലോകത്തേക്ക് കുട്ടികളെ കൈപിടിച്ച് ഉയർത്തുവാൻ നമുക്ക് കഴിയണം. പ്രൈമറി ക്ലാസുകളിൽ കൂടി കടന്നുപോകുന്ന കുട്ടികളെ അറിവിന്റെ വിജ്ഞാനത്തിന്റെ ലോകത്തേക്ക് കൈപിടിച്ച് ഉയർത്തിയാൽ അത് അവർക്ക് ജീവിതത്തിലെ എക്കാലത്തെയും മുതൽക്കൂട്ടാവും എന്നതിൽ സംശയമില്ല. പ്രൈമറി ക്ലാസുകളിലെ കുട്ടികളെ സംബന്ധിച്ചിടത്തോളം വായനാശീലം വളർത്തിയെടുക്കുക എന്നത് ശ്രമകരമായ ഒരു പ്രവൃത്തിയാണ്. ആ നിലയ്ക്ക് മത്സരബുദ്ധിയും താൽപ്പര്യവും ജനിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് നമ്മൾ ഈ വർഷം **ക്വിസ് ചാമ്പ്യൻഷിപ്പ് 2025–26** എന്ന പരിപാടി സംഘടിപ്പിക്കുന്നത്. വിദ്യാലയത്തിന്റെ 70-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഒരു മികച്ച പരിപാടിയായി ഇത് മാറും എന്നതിൽ സംശയമില്ല.

**ലക്ഷ്യം :**

എൽ.കെ.ജി.മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികളെ അറിവിന്റെ പുതിയ പുതിയ പടവുകൾ കയറാൻ പ്രാപ്തരാക്കുക.

സാഹിത്യം, കല, സംസ്കാരം, പരിസ്ഥിതി, ഗണിതം, കായികം, ദേശീയം, വൈദേശികം തുടങ്ങി എല്ലാ മേഖലകളിലെയും വാർത്തകളും, ആനുകാലിക സംഭവ വികാസങ്ങളും അറിയുവാനും നിരീക്ഷിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുക. പത്രവായന, ആനുകാലിക സംഭവവികാസങ്ങളെക്കുറിച്ച് നിരീക്ഷിക്കുവാനുള്ള ശീലമുണ്ടാക്കുക.

**പ്രവർത്തനങ്ങൾ :**

ആഴ്ചക്വിസ് – എല്ലാ ആഴ്ചകളിലും

പ്രതിമാസ ക്വിസ് – മാസാവസാനം

മെഗാക്വിസ് – മാർച്ച് രണ്ടാംവാരത്തിൽ

| | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 1 | **ആഴ്ചക്വിസ്**<br>2025-2026 അധ്യയന വർഷത്തിലെ ജൂൺമുതൽ മാർച്ച് 15വരെയുള്ള കാലയളവിലെ എല്ലാ ആഴ്ചയിലും ക്ലാസ്തല ക്വിസ് നടത്തുക. 10 ചോദ്യങ്ങൾ ഉണ്ടായിരിക്കും. ആഴ്ചയിൽ ഒരു ദിവസം വ്യാഴം, വെള്ളി ക്ലാസ്തല ക്വിസ്.<br>ആഴ്ചക്വിസിന് സമ്മാനം നൽകുന്നില്ല. | ക്ലാസ് ടീച്ചർ |
| 2 | **പ്രതിമാസ ക്വിസ്**<br>2025-2026 അധ്യയന വർഷത്തിൽ ജൂൺ മുതൽ ഫെബ്രുവരി വരെ എല്ലാമാസത്തിലും മാസാന്ത്യക്വിസ് സംഘടിപ്പിക്കുന്നു. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കിട്ടിയ കുട്ടികളെ തെരഞ്ഞെടുക്കുന്നു. ഓരോ കുട്ടിയുടെയും മാർക്കുകൾ രേഖപ്പെടുത്തുന്നു. 15 ചോദ്യങ്ങൾ ഉണ്ടായിരിക്കും. പ്രതിമാസ ക്വിസിലെ ഒന്നും രണ്ടും സ്ഥാന വിജയികൾക്ക് അസംബ്ലിയിൽ പൊതുപരിപാടിയിൽവച്ച് സമ്മാനങ്ങൾ നൽകുന്നതായിരിക്കും. | ക്ലാസ് ടീച്ചർ |
| 3 | **മെഗാക്വിസ്**<br>മാർച്ച് രണ്ടാംവാരത്തിൽ മെഗാക്വിസ്വ നടത്തുന്നതായിരിക്കും. ആഴ്ചക്വിസിലും പ്രതിമാസ ക്വിസിലും മികച്ച പ്രകടനം കാഴ്ചവെച്ച കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടായിരിക്കും മെഗാക്വിസ് നടത്തുക.<br>ഐടി സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയായിരിക്കും മെഗാക്വിസ് നടത്തുക.<br>മെഗാക്വിസിൽ 20 ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മെഗാക്വിസ് ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയായി നടത്തണം.<br>മെഗാക്വിസിലെ വിജയികൾക്ക് ബംബർ സമ്മാനങ്ങൾ ഈ വർഷത്തെ വാർഷികാഘോഷ വേദിയിൽവെച്ച് മുഖ്യാതിഥിയെക്കൊണ്ട് നൽകുന്നതായിരിക്കും. | ക്ലാസ് ടീച്ചർ |

# പ്രവർത്തനകലണ്ടർ

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ആഴ്ചക്വിസ്<br>ആഴ്ചക്വിസ്<br>മാസാന്ത്യക്വിസ് | ജൂൺ 20<br>ജൂൺ 27<br>ജൂൺ 30 | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | SMC |
| ആഴ്ചക്വിസ്<br><br><br><br>മാസാന്ത്യക്വിസ് | ജൂലായ് 4<br>ജൂലായ് 11<br>ജൂലായ് 18<br>ജൂലായ് 25<br>ജൂലായ് 31 | ക്ലാസ് ടീച്ചർ | SMC |
| ആഴ്ചക്വിസ്<br><br><br><br>മാസാന്ത്യക്വിസ് | ആഗസ്ത് 1<br>ആഗസ്ത് 8<br>ആഗസ്ത് 14<br>ആഗസ്ത് 22<br>ആഗസ്ത് 29 | ക്ലാസ് ടീച്ചർ | SMC |

| | | | |
|---|---|---|---|
| ആഴ്ചക്വിസ്<br>മാസാന്ത്യക്വിസ് | സെപ്തംബർ 12<br>സെപ്തംബർ 19<br>സെപ്തംബർ 26<br>സെപ്തംബർ 30 | ക്ലാസ് ടീച്ചർ | SMC |
| ആഴ്ചക്വിസ്<br>മാസാന്ത്യക്വിസ് | ഒക്ടോബർ 3<br>ഒക്ടോബർ 10<br>ഒക്ടോബർ 17<br>ഒക്ടോബർ 24<br>ഒക്ടോബർ 31 | ക്ലാസ് ടീച്ചർ | SMC |
| ആഴ്ചക്വിസ്<br>മാസാന്ത്യക്വിസ് | നവംബർ 7<br>നവംബർ 14<br>നവംബർ 21<br>നവംബർ 28 | ക്ലാസ് ടീച്ചർ | SMC |
| ആഴ്ചക്വിസ്<br>മാസാന്ത്യക്വിസ് | ഡിസംബർ 5<br>ഡിസംബർ 12<br>ഡിസംബർ 19<br>ഡിസംബർ 31 | ക്ലാസ് ടീച്ചർ | SMC |
| ആഴ്ചക്വിസ്<br>മാസാന്ത്യക്വിസ് | ജനുവരി 1<br>ജനുവരി 9<br>ജനുവരി 16<br>ജനുവരി 23<br>ജനുവരി 30 | ക്ലാസ് ടീച്ചർ | SMC |
| ആഴ്ചക്വിസ്<br>മാസാന്ത്യക്വിസ് | ഫെബ്രുവരി 6<br>ഫെബ്രുവരി 13<br>ഫെബ്രുവരി 20<br>ഫെബ്രുവരി 27 | ക്ലാസ് ടീച്ചർ | SMC |
| ആഴ്ചക്വിസ് | മാർച്ച് 6 | ക്ലാസ് ടീച്ചർ | SMC |
| മെഗാക്വിസ് | മാർച്ച് 13 | SMC | SMC |

## വിജയികളെ തെരഞ്ഞെടുക്കുന്ന രീതി

ക്വിസ് ചാമ്പ്യൻഷിപ്പ് 2025-26 എന്ന അക്കാദമിക പരിപാടിയുടെ സംഘാടനം സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ പറയുന്നു.

- ആഴ്ചക്വിസിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ തെരഞ്ഞെടുക്കുന്നു.
- ഒന്നിലധികം കുട്ടികൾക്ക് ഒന്നാംസ്ഥാനം കിട്ടുകയാണെങ്കിൽ ടൈ ചോദ്യങ്ങൾ ഉപയോഗപ്പെടുത്തി ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ കണ്ടെത്തണം.
- ആഴ്ചക്വിസിലെ വിജയികൾക്ക് സമ്മാനങ്ങൾ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നൽകാവുന്നതാണ്.
- മാസാന്ത്യക്വിസിലെ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ കണ്ടെത്തുന്നു.
- മാസാന്ത്യക്വിസിലെ ഒന്ന്, രണ്ട്, സ്ഥാനങ്ങൾ നേടിയവർക്ക് സമ്മാനങ്ങൾ തൊട്ടടുത്ത അസംബ്ലിയിൽ നൽകുന്നു.

- ആഴ്ചക്വിസിലും, മാസാന്ത്യക്വിസിലും ലഭിക്കുന്ന പോയിന്റുകൾ രേഖപ്പെടുത്തേണ്ടതാണ്.
- മെഗാക്വിസ് ഐ.ടി. സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയായിരിക്കും നടത്തുക.
- ആഴ്ചക്വിസും, മാസാന്ത്യക്വിസും അതാത് ക്ലാസിൽ വെച്ചായിരിക്കും നടത്തുക.
- ആഴ്ചക്വിസിലും, മാസാന്ത്യക്വിസിലും ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പങ്കെടുക്കാം.
- മെഗാക്വിസിൽ 20 ചോദ്യങ്ങൾ ഉണ്ടായിരിക്കും. 5 ടൈ ചോദ്യങ്ങളും ഉണ്ടായിരിക്കും
- മെഗാക്വിസിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർക്ക് ബംബർ സമ്മാനങ്ങൾ ലഭിക്കുന്നതാണ്.
- മെഗാക്വിസിലേക്ക് പങ്കാളിത്തം ആഴ്ചക്വിസ് മാസാന്ത്യക്വിസ് ഇവയുടെ പോയന്റിനെ അടിസ്ഥാനത്തിലായിരിക്കും.
- മെഗാക്വിസിലെ വിജയികൾക്ക് ഈ വർഷത്തെ വാർഷികാഘോഷവേദിയിൽ വെച്ച് ബംബർ സമ്മാനങ്ങൾ നൽകുന്നതായിരിക്കും.
- മെഗാക്വിസ് 3 ക്ലസ്റ്ററുകളായാണ് നടത്തുക.
    - ക്ലസ്റ്റർ I എൽ.കെ.ജി. & യു.കെ.ജി.
    - ക്ലസ്റ്റർ II ഒന്നാം തരം & രണ്ടാംതരം
    - ക്ലസ്റ്റർ III മൂന്നാംതരം & നാലാംതരം

## <u>ഉള്ളടക്കം</u>

ക്വിസ് ചാമ്പ്യൻഷിപ്പ് 2025-2026 അറിവുത്സവം പരിപാടിയുടെ അക്കാദമിക ഉള്ളടക്കം ഓരോ ക്ലാസിന്റെയും നിലവാരത്തിനനുസരിച്ച് ആയിരിക്കും.

**ക്ലസ്റ്റർ I - എൽ.കെ.ജി., യു.കെ.ജി ക്ലാസ്സുകൾ**

(പൊതുവിജ്ഞാനം, പ്രാദേശികം, കടങ്കഥ, കായികം പൊതുസാമാന്യ ഭക്ഷണം എന്നിവയായിരിക്കും എൽ.കെ.ജി & യു.കെ.ജി.യുടെ കാര്യങ്ങൾ ഉള്ളടക്കം.

**ക്ലസ്റ്റർ II - ഒന്ന്, രണ്ട് ക്ലാസുകൾ**

പൊതുവിജ്ഞാനം, പ്രാദേശികം, കടങ്കഥ, പഴഞ്ചൊല്ല്, ഗണിതം, പരിസ്ഥിതി, ദിനാചരണങ്ങൾ, കായികം, പത്രവാർത്ത, ചരിത്രം, ഉത്സവങ്ങൾ, കല-സംസ്കാരം എന്നിവയായിരിക്കും ഒന്ന്, രണ്ട് ക്ലാസുകളുടെ ഉള്ളടക്കം.

**ക്ലസ്റ്റർ III - മൂന്ന്, നാല് ക്ലാസുകൾ**

പൊതുവിജ്ഞാനം, പ്രാദേശികം, ഗണിതം, മലയാളം, ഇംഗ്ലീഷ്, പരിസ്ഥിതി, ദിനാചരണങ്ങൾ, ദേശീയം, അന്തർദേശീയം, കായികം, അവാർഡുകൾ, പുരസ്കാരങ്ങൾ, പത്രവാർത്തകൾ, ചരിത്രം, കല-സംസ്കാരം എന്നിവയായിരിക്കും 3, 4 ക്ലാസ്സുകളുടെ ഉള്ളടക്കം.